**Malayala Manorama**

**19 August 2018**

**Aluva, Flood, Transportation**



# ആലുവ വഴി പോകല്ലേ

കളമശ്ശേരി-ആലുവ വഴി അങ്കമാലിയിലേക്കുള്ള വാഹന ഗതാഗതം രണ്ടു ദിവസത്തേക്ക് ഒഴിവാക്കണമെന്ന് പൊതുജനങ്ങളോട് എറണാകുളം റൂറൽ ജില്ലാ പോലീസ് ആവശ്യപ്പെട്ടു. ദേശിയ പാതയിൽ പല ഭാഗത്തും ശക്തമായ വെള്ളക്കെട്ടും ഒഴുക്കും തുടരുകയാണ്. ഇതുവഴിയുള്ള പൊതുഗതാഗതം രക്ഷാപ്രവർത്തനത്തിന് തടസ്സമായതിനെ തുടർന്നാണ് തീരുമാനം എടുത്തതെന്ന് പോലീസ് അറിയിച്ചു.